**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2266** **16-03-2022 - ൽ മറുപടിയ്ക്ക്**

**സുഭിക്ഷ ഹോട്ടലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | null<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ന്യായമായ വിലയിൽ ഭക്ഷണം ലഭിക്കുന്നതിനായി എത്ര സുഭിക്ഷ ഹോട്ടലുകളാണ് ആദ്യഘട്ടത്തിൽ ആരംഭിക്കുന്നത്; | (എ) | സംസ്ഥാനത്ത് 5 ജില്ലകളിലായി 7 സുഭിക്ഷാ ഹോട്ടലുകൾ നിലവിൽ പ്രവർത്തിച്ചു വരുന്നു. സർക്കാരിന്റെ രണ്ടാം 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും ഒരു സുഭിക്ഷാ ഹോട്ടലെങ്കിലും ആരംഭിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഏറ്റവും കുറഞ്ഞത് ഒരു ജില്ലയിൽ ഒന്ന് വീതമെങ്കിലും ആദ്യ ഘട്ടത്തിൽ ആരംഭിക്കുന്നതാണ്; |
| (ബി) | സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുന്നതിനായി ഏതൊക്കെ തരത്തിലുള്ള സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | സുഭിക്ഷാ ഹോട്ടൽ ആരംഭിക്കുന്നതിന്റെ പ്രാരംഭ ചെലവുകൾക്കായി പരമാവധി 10 ലക്ഷം രൂപ വരെ ഓരോ ഹോട്ടലിനും അനുവദിക്കുന്നതാണ്. 20/- രൂപ നിരക്കിൽ വിൽപ്പന നടത്തുന്ന ഉച്ചഭക്ഷണത്തിൽ ഒരു ഊണിന് 5/- രൂപ നിരക്കിൽ നടത്തുന്ന ഏജൻസിയ്ക്ക് പരിശോധനയ്ക്ക് വിധേയമായി സബ്സിഡിയും നൽകുന്നുണ്ട്. കൂടാതെ പൊതുവിതരണത്തിന് ലഭ്യമാകുന്ന ടൈഡ് ഓവർ വിഹിതത്തിൽ നിന്നും പരമാവധി 600 കിലോ അരി കിലോഗ്രാമിന് 10.90/- രൂപ നിരക്കിൽ നൽകുന്നുണ്ട്. ഹോട്ടലിന്റെ തുടർ നടത്തിപ്പിനായി ഇലക്ട്രിസിറ്റി ചാർജ്, വെള്ളക്കരം, ആവശ്യമെങ്കിൽ കെട്ടിട വാടക, സബ്സിഡി തുക എന്നിവയ്ക്കായി ആവർത്തന ചെലവിനത്തിൽ തുക അനുവദിക്കുന്നതിനും വ്യവസ്ഥയുണ്ട്. |

സെക്ഷൻ ഓഫീസർ